**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1545** **19-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ കായിക അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ കായിക അധ്യാപക നിയമനത്തിന് 1:300 എന്ന അനുപാതം സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനുകൂല തീരുമാനം കൈകൊള്ളുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ കായിക അധ്യാപക നിയമനത്തിന് 1:300 എന്ന അനുപാതം നിശ്ചയിക്കണമെന്നും കായികാധ്യാപക തസ്തികകൾ സംരക്ഷിക്കണമെന്നും കായികാധ്യാപക സംഘടനകൾ ആവശ്യമുന്നയിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് 26.7.2025 ൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>13.02.2025 ലെ സ.ഉ.(കൈ)നം.30/2025/പൊവിവ നമ്പർ ഉത്തരവ് പ്രകാരം, 31/3/2015 വരെ നിയമിതരായതും സംരക്ഷണത്തിന് അർഹതയുള്ളതുമായ കായികാധ്യാപകരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി, യു. .പി. സ്കൂളുകളിൽ ഏറ്റവും കുറഞ്ഞത് 250 കുട്ടികൾ വീതമുള്ള രണ്ടു സ്കൂളുകളിലായും, ഹൈസ്കൂളുകളിൽ, ഏറ്റവും കുറഞ്ഞത് 3 പീരിഡ് എങ്കിലും VIII, IX ക്ലാസുകളിലായി ഉള്ള രണ്ടു സ്കൂളുകളിലായും അതായത് മാതൃ സ്കൂളിലും മറ്റൊരു സ്കൂളിലുമായി തസ്തിക അനുവദിക്കാതെ ക്ലബിംഗ് വ്യവസ്ഥയിൽ ക്രമീകരിച്ചി രുന്നു. |
| (ബി) | ഇപ്പോൾ അംഗീകാരം ലഭിച്ച ചില അധ്യാപകർക്ക് കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ പേരിൽ നിയമനാംഗീകാരം ഈ വർഷം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇവർക്ക് ജോലി സംരക്ഷണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തസ്തിക നഷ്ടപ്പെടുന്ന കായിക അധ്യാപകരെ 1:300 അനുപാതത്തിൽ സംരക്ഷിക്കണമെന്നും കായികാധ്യാപക തസ്തികകൾ സംരക്ഷിക്കണമെന്നും കായികാധ്യാപക സംഘടനകൾ ആവശ്യമുന്നയിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് 26.7.2025 ന് ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ